# നാളികേര ഉത്പാദക സംഘം
# കരടു നിയമാവലി

നാളികേര വികസന ബോർഡ്
തയ്യാറാക്കിയത്

# നാളികേര ഉത്പാദക സംഘങ്ങൾ

സഹകരണ പ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടമുള്ള സംസ്ഥാനമാണ് കേരളമെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം നാളികേര കർഷകരും അസംഘടിതരും, ചെറുകിട നാമമാത്ര കർഷകരുടെ നിർവചനത്തിൽ ഉൾപ്പെട്ടവരുമാണ്. ആയതിനാൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും തങ്ങളുടെ കൃഷിയിടത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള പ്രവർത്തനങ്ങൾ പലപ്പോഴും ഫലപ്രാപ്തിയിൽ എത്തിക്കുവാൻ കേരളത്തിലെ നാളികേര കർഷകർക്ക് കഴിയുന്നില്ല. എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ കൂട്ടായ്മയിലൂടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. ഇത്തരുണത്തിലാണ്, നാളികേര വികസന ബോർഡ് നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കുവാൻ കർഷകരെ പ്രോൽസാഹിപ്പിക്കാൻ മുന്നിട്ടിറങ്ങിയിരിക്കുന്നത്. കൂടാതെ നാളികേര സംഭരണ-സംസ്ക്കരണ-വിപണന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഇത്തരം സംഘങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘം എന്നതുകൊണ്ട് ബോർഡ് വിവക്ഷിക്കുന്നത്.

## ഉത്പാദക സംഘങ്ങളിലൂടെ (CPS) കർഷകർക്കുള്ള അവസരങ്ങൾ

1. ശാസ്ത്രീയമായി നിഷ്കർഷിച്ചിട്ടുള്ള കൃഷിരീതികൾ കൃഷിയിടത്തിൽ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നു.
2. ഉത്പാദനം, സസ്യ സംരക്ഷണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതനവിദ്യകൾ സായത്തമാക്കാനുള്ള അവസരം.
3. കൂട്ടായ്മ പ്രവർത്തനങ്ങളിലൂടെ കൃഷി ചിലവുകൾ കുറയ്ക്കുവാനുള്ള അവസരം.
4. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കു വാനുള്ള സാഹചര്യം.
5. നഴ്സറികൾ - ചെറുകിട - ഇടത്തരം - സ്ഥാപിക്കുക.
6. ജൈവവളങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള യൂണിറ്റുകൾ, കൊപ്രാ ഡ്രയർ മുതലാവ സ്ഥാപിക്കുവാനുള്ള സാമ്പത്തിക സഹായം.
7. വിപണനത്തിനുള്ള അവസരം.



8. പഠന പര്യടനങ്ങൾക്കുള്ള അവസരങ്ങൾ.
9. വർദ്ധിച്ച തോതിൽ ഇളനീർ (കരിക്ക്) സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള അവസരം.

## ഭാവിയിൽ പ്രതീക്ഷിക്കാവുന്ന അവസരങ്ങൾ

1. നാളികേര സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതികവും സാമ്പത്തിവുമായ സഹായങ്ങൾക്ക് മുൻഗണന.
2. നിർമ്മിക്കുന്ന നാളികേര ഉത്പന്നങ്ങൾ വിപണനം ചെയ്യുവാനുള്ള വർദ്ധിച്ച സൗകര്യങ്ങൾ.
3. ഉദ്പാദക സംഘങ്ങളുടെ ഫെഡറേഷനുകൾ വഴി ഇടത്തരം മുതൽ മുടക്കും സാങ്കേതിക വിദ്യയും ആവശ്യമായി വരുന്ന ഇടത്തരം വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.
4. ഉത്പാദക സംഘങ്ങൾ വഴിയോ അവയുടെ ഫെഡറേഷൻ വഴിയോ ഉല്പാദക കമ്പനികൾ വഴിയോ നാളികേരവും നാളികേര ഉൽപന്നങ്ങളും കയറ്റുമതി ചെയ്യുവാനുള്ള അവസരങ്ങൾ.
5. അംഗീകൃത കൊപ്ര/നാളികേര സംഭരണ ഏജൻസികളായി പ്രവർത്തിച്ച് ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന താങ്ങുവിലയുടെ ആനുകൂല്യം അംഗങ്ങൾക്ക് നേടിയെടുക്കുവാനുള്ള അവസരം.
6. CPS കൾ ഓഹരിയുടമകളായ ഉല്പാദക കമ്പനി (Producer Company) കൾ രൂപീകരിച്ച് ഉയർന്ന മുതൽ മുടക്കും സാങ്കേതിക വിദ്യയും ബോർഡ് സഹായവും ഉപയോഗപ്പെടുത്തുന്ന വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.

### ആർക്കാണ് അംഗമാകാവുന്നത്?

സ്വന്തമായി കുറഞ്ഞത് കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും കൃഷി ചെയ്യുന്ന കർഷകരെ ഉൾപ്പെടുത്തി ഒരു പ്രദേശത്തെ 40 മുതൽ 100 വരെ കർഷകർ ചേർന്ന് രൂപീകരിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യേണ്ടതുമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘങ്ങൾ. സംഘത്തിന്റെ (CPS) പ്രവർത്തന പരിധി വ്യക്തമായി നിർവചിക്കേണ്ടതും കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും സ്വന്തമായുള്ള, പ്രവർത്തന പരിധിയിലുള്ള എല്ലാ കർഷകരെയും അംഗങ്ങളായി ചേർക്കേണ്ടതുമാണ്. സംഘത്തിന്റെ പ്രവർത്തന പരിധി കഴിയുന്നിടത്തോളം സ്വാഭാവിക അതിരുകളാൽ (റോഡ്, തോട്, പുഴ മുതലായവ) വേർതിരിക്കപ്പെടുന്നത് നന്നായിരിക്കും. സംഘത്തിൽ അംഗമാകുന്നതിനുള്ള ഫീസ് 100 രൂപയായും വാർഷിക വരിസംഖ്യ 20 രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു.

## എങ്ങനെ പ്രവർത്തിക്കണം

സംഘങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങൾ ഇല്ലാത്തതും തികച്ചും ജനാധിപത്യപരമായി പ്രവർത്തിക്കുന്നതുമായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയായിരിക്കും സംഘത്തിന്റെ പ്രവർത്തന പരിപാടികൾ നടത്തേണ്ടത്. സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും ഭരണ നിർവ്വഹണവും വ്യക്തമായി പ്രതിപാദിക്കുന്ന മാതൃകാ നിയമാവലി (അനുബന്ധം-1) ഇതോടൊപ്പം ചേർത്തിരിക്കുന്നു. ഇങ്ങനെ രൂപീകരിക്കുന്ന സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. ബൈലോയിൽ ഭേദഗതികൾ വരുത്തുന്നതിന് ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. നിശ്ചിത ഫോറത്തിൽ (അനുബന്ധം-2) താഴെ പറയുന്ന രേഖകളോടൊപ്പമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ബോർഡിന്റെ സൂക്ഷ്മ പരിശോധനയിൽ രജിസ്ട്രേഷനു യോഗ്യമായി കാണുന്ന സംഘങ്ങൾ രജിസ്ട്രേഷൻ ഫീസായ 200 രൂപ ചെയർമാൻ, നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡിൽ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷന്റെ കാലാവധി. 2 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് സംഘങ്ങൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിന് സംഘങ്ങൾ 100 രൂപ (2 വർഷത്തിലൊരിക്കൽ) ഫീസ് നൽകേണ്ടതാണ്.

## അപേക്ഷയോടൊപ്പം രജിസ്ട്രേഷനു വേണ്ടി നാളികേര വികസന ബോർഡിൽ സമർപ്പിക്കേണ്ട രേഖകൾ

1. സംഘം ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പ്.
2. സംഘത്തിന്റെ നിയമാവലിയുടെയും, മെമ്മോറാണ്ഡം ഓഫ് അസോസിയേഷന്റെയും പകർപ്പ്.
3. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുവാൻ തീരുമാനമെടുത്ത പൊതുയോഗത്തിന്റെ മിനിറ്റ്സ്.
4. അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ, അനുബന്ധം-3ൽ നൽകിയിരിക്കുന്ന പട്ടിക പ്രകാരം.
5. സംഘത്തിന്റെ പ്രവർത്തന പരിധിയുടെ അതിരുകൾ ശരിയായ രീതിയിൽ രേഖപ്പെടുത്തിയ, സ്വയം തയ്യാറാക്കിയ വ്യക്തതയാർന്ന സെക്ച്ച്.

**അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം:**

ചെയർമാൻ
നാളികേര വികസന ബോർഡ്
കേരഭവൻ, കൊച്ചി-682 011



## മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ

സംഘത്തിന്റെ പേര് ..............................................................................
നാളികേര ഉത്പാദക സംഘം എന്നായിരിക്കുന്നതും രജിസ്റ്റേർഡ് മേൽവിലാസം ..............................................................
..............................................................................എന്നായിരിക്കുന്നതുമാണ്.

സംഘത്തിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനത്ത്
..............................................................................ജില്ലയിൽ
..............................................................................വില്ലേജിൽ
..............................................................................പഞ്ചായത്തിലെ
..............................................................................വാർഡ്
..............................................................................മാത്രമായിരിക്കും.

## സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

(i) പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

(ii) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംസ്കാരികവും, വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാങ്ങൾക്കായി ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

(iii) നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിൽ പങ്കെടുക്കുകയും, പഠന പര്യടനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.

(iv) ഉത്പാദനം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്ന് നൽകുക.

(v) കൃഷിവകുപ്പും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന കൃഷിരീതികൾ അവലംബിക്കുക.

(vi) ചെറുകിട കർഷകരുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും, കർഷകരെയും നാളികേര വികസന ബോർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

(vii) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിചിലവുകൾ കുറയ്ക്കുക.

(viii) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

(ix) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുക.

(x) നാളികേരത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനു പ്രാഥമിക സംസ്ക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(xi) അംഗങ്ങളുടെ നാളികേരം സ്വരൂപിച്ച് കൂട്ടായി വിപണനം നടത്തുക.

(xii) ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.

(xiii) സർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.

(xiv) ഉദ്ദേശ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തന ഫണ്ട്, അഡ്മിഷൻ ഫീസ്, വരിസംഖ്യ, സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി, ഗ്രാൻഡ്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ മുതലായ മാർഗ്ഗങ്ങളിലൂടെ സംഭരിക്കുക

## മെമ്മോറാണ്ടത്തിൽ ഒപ്പു വയ്ക്കുന്നവർ

സംഘത്തിന്റെ നിയമങ്ങൾക്കും, വ്യവസ്ഥകൾക്ക് വിധേയമായി ഭരണ ഭാരമേല്പിച്ചിരിക്കുന്ന ആദ്യത്തെ



നിർവ്വഹണ സമിതിയംഗങ്ങളുടെ പേരും മേൽവിലാസവും തൊഴിലും.

1. ..........................................................................................................

2. ..........................................................................................................

3. ..........................................................................................................

4. ..........................................................................................................

5. ..........................................................................................................

6. ..........................................................................................................

7. ..........................................................................................................

# ..................നാളികേര ഉത്പാദക സംഘം

## നിയമാവലി

**1. പേര്.**

ഈ സംഘത്തിന്റെ പേര് .............................................................നാളികേര ഉത്പാദക സംഘം എന്നായിരിക്കുന്നതും. രജിസ്റ്റേർഡ് മേൽവിലാസം .................................................................... എന്നായിരിക്കുന്നതുമാണ്.

**2. പ്രവർത്തന പരിധി**

ഈ സംഘത്തിന്റെ പ്രവർത്തന പരിധി കേരള സംസ്ഥാനത്ത് ...........................................ജില്ലയിൽ ...................................................വില്ലേജിൽ .............................................................................................പഞ്ചായത്തിലെ .............................. വാർഡ് ..........................................മാത്രമായിരിക്കും.

**3. ഓഫീസ്**

ഈ സംഘത്തിന്റെ ഓഫീസ്.................................................................................. ഗ്രാമ പഞ്ചായത്ത് .............................................................. നമ്പർ കെട്ടിടത്തിൽ സ്ഥിതിചെയ്യുന്നു.

**4. സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

(i) പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

(ii) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംസ്കാരികവും, വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാംഗങ്ങൾക്ക് ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

(iii) നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിൽ പങ്കെടുക്കുകയും, പഠന പര്യടനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുക.

(iv) ഉത്പാദനം, സംഭരണം, സംസ്ക്കരണം, വിപണനം



എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്ന് നൽകുക.

(v) കൃഷിവകുപ്പും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷി ക്കുന്ന കൃഷിരീതികൾ അവലംബിക്കുക.

(vi) ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും, കർഷകരേയും നാളികേര വികസന ബോർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

(vii) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷി ചിലവുകൾ കുറയ്ക്കുക.

(viii) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

(ix) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുക.

(x) നാളികേരത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാഥമിക സംസ്ക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(xi) അംഗങ്ങളുടെ നാളികേരം സ്വരൂപിച്ച് കൂട്ടായി വിപണനം നടത്തുക.

(xii) ഉത്പന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.

(xiii) സർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.

(xiv) ഉദ്ദേശ ലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തന ഫണ്ട്, അഡ്മിഷൻ ഫീസ്, വരിസംഖ്യ, സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി, ഗ്രാൻഡ്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ മുതലായ മാർഗ്ഗങ്ങളിലൂടെ സംഭരിക്കുക.

**5. സംഘം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതായിരിക്കും.**

## 6. അംഗത്വം

സംഘത്തിന്റെ അധികാരാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പ്രദേശത്ത് കായ്ഫലമുള്ള 10 തെങ്ങെങ്കിലും സ്വന്തമായുള്ള നാളികേര കർഷകർക്ക് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി അംഗത്വം നൽകാവുന്നതാണ്.

a) പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കുകയും കരാറുകളിൽ ഏർപ്പെടുവാൻ യോഗ്യതയുണ്ടായിരിക്കുകയും വേണം.

b) നിശ്ചയിക്കപ്പെട്ട അംഗ്വത ഫീസും വരിസംഖ്യയും നൽകണം.

c) സംഘത്തിന്റെ നിയമാവലി അനുസരിച്ച് പ്രവർത്തിക്കുവാൻ തയ്യാറായിരിക്കണം.

d) സംഘത്തിന്റെ ലക്ഷ്യങ്ങൾക്ക് വിഘാതമായി പ്രവർത്തിക്കാത്തവർ ആയിരിക്കണം.

e) നാളികേരമോ, കരിക്കോ, കൊപ്രയോ, മറ്റു നാളികേരോത്പന്നങ്ങളോ വിപണനത്തിനോ, സംസ്ക്കരണത്തിനോ സ്വരൂപിക്കുമ്പോൾ സംഘത്തിൽ നൽകുവാൻ തയ്യാറായിരിക്കണം.

f) ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രമേ അംഗത്വം എടുക്കുവാൻ പാടുള്ളൂ.

മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിക്കുന്ന പക്ഷം അംഗത്വം നഷ്ടപ്പെടുന്നതായിരിക്കും. സംഘത്തിന് യാതൊരുവിധ ബാദ്ധ്യതകളും ഇല്ലാത്ത അംഗങ്ങൾക്ക് തങ്ങളുടെ അംഗത്വം ഏപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതാണ്. എന്നാൽ അംഗത്വം പിൻവലിക്കുന്നവർക്ക് സംഘത്തിൽ അടച്ചിരിക്കുന്ന പ്രവേശന ഫീസും വാർഷിക വരിസംഖ്യയും മടക്കി നൽകുന്നതല്ല.

അംഗത്വം എടുക്കുവാൻ ആഗ്രഹിക്കുന്നവൻ നിശ്ചിത അപേക്ഷ ഫോറത്തോടൊപ്പം 100 രൂപ പ്രവേശന ഫീസും വാർഷിക വരിസംഖ്യയായ 20 രൂപയും നൽകി അംഗത്വം എടുക്കേണ്ടതാണ്. വാർഷിക വരിസംഖ്യ എല്ലാ വർഷവും ഏപ്രിൽ മാസത്തിനു മുൻപായി മുൻകൂറായി സംഘത്തിൽ അടയ്ക്കേണ്ടതാണ്.

## 7. സംഘത്തിന്റെ ധനവിഭവം

സംഘത്തിന്റെ ധനവിഭവം. താഴെ പറയുന്നവിധം സ്വരൂപിക്കേണ്ടതാണ്.



(1) പ്രവേശന ഫീസ്

(2) വാർഷിക വരിസംഖ്യ

(3) സഹകരണ, ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള സംഭാവനകൾ

(4) അംഗങ്ങളല്ലാത്തവർ, ബാങ്കുകൾ, മറ്റു സാമ്പത്തിക സഹായ സ്ഥാപനങ്ങങ്ങൾ, സഹകരണ സംഘങ്ങൾ, നാളികേര വികസന ബോർഡ്, ഗവൺമെന്റ് എന്നിവയിൽ നിന്നുള്ള സംഭാവനകൾ, കടങ്ങൾ, സൗജന്യ സാമ്പത്തിക സഹായങ്ങൾ, വായ്പകൾ.

## 8. പൊതുയോഗം

സംഘത്തിന്റെ ഭരണ സംബന്ധമായ എല്ലാകാര്യങ്ങളുടേയും പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമാണ്. പൊതുയോഗം വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്. പൊതുയോഗങ്ങൾക്കെല്ലാം ഏഴു ദിവസത്തെ നോട്ടീസ് ആവശ്യമാണ്.

സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ 3 മാസത്തിനുള്ളിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യത്തെ പൊതുയോഗം കൂടേണ്ടതാണ്. തുടർന്നുള്ള വാർഷിക പൊതുയോഗങ്ങൾ ഒരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസം തികയുന്നതിനു മുൻപ് കൂടിയിരിക്കണം. ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ ഒന്ന് അല്ലെങ്കിൽ 20 അംഗങ്ങൾ ഇതിൽ ഏതാണ് കുറവ് അതായിരിക്കും പൊതുയോഗത്തിന്റെ കോറം. സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും പ്രത്യേക പൊതുയോഗം 3 മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടേണ്ടതാണ്.

നിർവ്വഹണസമിതി സ്വന്തം നിലയ്ക്കോ അല്ലെങ്കിൽ അംഗങ്ങളിൽ മൂന്നിൽ ഒന്നുപേർ രേഖാമൂലം ആവശ്യപ്പെടുകയോ ചെയ്താൽ വിശേഷാൽ പൊതുയോഗം ചേർന്ന് പ്രത്യേകമോ, അടിയന്തിര സ്വഭാവമുള്ളതോ ആയ വിഷയങ്ങൽ കൈകാര്യം ചെയ്യാവുന്നതാണ്.

## 9. പൊതുയോഗത്തിന്റെ അധികാരങ്ങളും ചുമതലകളും

സംഘത്തിന്റെ പരമാധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമാണ്. ഈ നിയമാവലി അനുസരിച്ച് സംഘത്തെ സംബന്ധിച്ച് എല്ലാകാര്യങ്ങളിലും പൊതുയോഗത്തിന് തീരുമാനങ്ങൾ എടുക്കാം. പൊതുയോഗത്തിന്റെ ആദ്യയോഗത്തിൽ വച്ചു തന്നെ അംഗങ്ങളിൽ

നിന്നൊരാളെ സംഘത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കണം. സംഘത്തിന്റെ പ്രവർത്തനത്തിനായി ചെലവഴിക്കാൻ സമയവും കഴിവുമുള്ള ആളെ ആയിരിക്കണം പ്രസിഡന്റായി തെരെഞ്ഞെടുക്കേണ്ടത്. അതേ തുടർന്ന് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ഉടനെ തന്നെ നിർവ്വഹണ സമിതിയിലേയ്ക്ക് 6 പേരെ തിരഞ്ഞെടുക്കണം. പ്രസിഡന്റി ന്റേയും നിർവ്വഹണ സമിതിയുടേയും കാലാവധി 3 വർഷമാണ്. സംഘത്തിന് നാളികേര വികസന ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം സംഘത്തിന്റെ നിർവ്വഹണ സമിതിയിലേയ്ക്ക് ബോർഡിലെ ഒരു ഉദ്യോഗസ്ഥനെ നാമനിർദ്ദേശം ചെയ്യുന്നതിന് ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പ്രസിഡന്റിന്റേയോ നിർവ്വഹണ സമിതിയംഗങ്ങളുടെയോ പ്രവർത്തനം സംഘത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതായോ തൃപ്തികരമല്ലാത്തതായോ തോന്നുന്നപക്ഷം, സംഘത്തിന്റെ പൊതുയോഗം കൂടി ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം പേർ അനുകൂലിക്കുന്ന പക്ഷം പ്രസ്തുത പ്രസിഡന്റിനെയോ നിർവ്വഹണ സമിതിയംഗത്തെയോ കാലാവധി അവസാനിക്കുന്നതിനു മുൻപ് തന്നെ നീക്കം ചെയ്യാവുന്നതും തൽസ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പു നടത്തി ഒഴിവുകൾ നികത്താവുന്നതുമാണ്.

വാർഷിക വരിസംഖ്യ കുടിശ്ശികയുള്ള സംഘാംഗങ്ങൾക്ക് വോട്ടു ചെയ്യുന്നതിനും പ്രസിഡന്റ് സ്ഥാനത്തേയ്ക്കോ, നിർവ്വഹണ സമിതിയിലേയ്ക്കോ തിരഞ്ഞെടുക്കപ്പെടുന്നതിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ടും ഓഡിറ്റു ചെയ്ത് വാർഷിക കണക്കുകളും വിശദമായി പരിശോധിച്ച് അംഗീകരിക്കുന്നതും പൊതുയോഗമാണ്. ആദ്യവർഷത്തെ കണക്കുകൾ ഭരണസമിതി നിർദ്ദേശിക്കുന്ന ഓഡിറ്ററും പിന്നീടുള്ള വർഷങ്ങളിലെ കണക്കുകൾ പൊതുയോഗം നിശ്ചയിക്കുന്ന ഓഡിറ്ററുമാണ് ഓഡിറ്റു ചെയ്യേണ്ടത്. ഓഡിറ്ററെ നിയമിക്കാൻ നാളികേര വികസന ബോർഡിനും അധികാരം ഉണ്ടായിരിക്കും. നാളികേര വികസന ബോർഡ് നിർദ്ദേശിക്കുന്ന ഓഡിറ്ററെ പൊതുയോഗത്തിന് ഔപചാരികമായി നിയമിക്കാം. ഭരണസമിതി അവതരിപ്പിക്കുന്ന ബഡ്ജറ്റ് ഭേദഗതികൾ വരുത്തിയോ അല്ലാതെയോ അംഗീകരിക്കുവാൻ പൊതുയോഗത്തിന് അധികാരമുണ്ട്. സംഘത്തിന്റെ ഭാവിപ്രവർത്തന



ങ്ങൾക്ക് ആവശ്യമായ നയപരമായ മാർഗ്ഗ നിർദ്ദേശങ്ങളും, അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള അഭ്യന്തര ഭരണകാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വരുന്ന നിയമങ്ങളും ചട്ടങ്ങളും ഉപനിയമങ്ങളും തയ്യാറാകുന്നതുൾപ്പെടെ സംഘത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ട അധികാരങ്ങൾ, ആവശ്യമെന്ന് തോന്നുന്നപക്ഷം, പ്രസിഡന്റിനേയോ, നിർവ്വഹണ സമിതിയേയോ പൊതുയോഗത്തിന് അധികാരപ്പെടുത്താവുന്നതാണ്.

പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കേണ്ട ബാദ്ധ്യത പ്രസിഡന്റിലും ഭരണസമിതിയിലും നിക്ഷിപ്തമാണ്. തീരുമാനങ്ങൾ നടപ്പിലാക്കാതിരിക്കുകയോ, കാല വിളംബം വരുത്തുകയോ ചെയ്യുന്ന പക്ഷം അതു മൂലം ഉണ്ടാകുന്ന എല്ലാവിധ നഷ്ടങ്ങൾക്കും ഉത്തരവാദിത്വം പ്രസിഡന്റിനും ഭരണസമിതിക്കുമാണ്.

### 10. തിരഞ്ഞെടുപ്പ്

മൂന്ന് വർഷത്തിലൊരിക്കൽ മാർച്ച് 31 മുൻപായി വിശേഷാൽ പൊതുയോഗം വിളിച്ച് ചേർത്ത് പ്രസിഡന്റിനേയും ഭരണസമിതിയേയും തിരഞ്ഞെടുക്കേണ്ടതാണ്.

### 11. സംഘത്തിന്റെ പ്രവർത്തന വർഷം ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെയായിരിക്കും.

### 12. ഭരണം

സംഘത്തിന്റെ ഭരണ നിർവഹണം പ്രസിഡന്റിലും നിർവ്വാഹക സമിതിയിലും നിക്ഷിപ്തമാണ്. അംഗങ്ങളുടെ വിവരങ്ങളും അവരുടെ നാളികേര കൃഷി സംബന്ധ വിശദവിവരങ്ങളും അടങ്ങിയ അംഗത്വ രജിസ്റ്റർ സംഘം തയ്യാറാക്കി വെയ്ക്കേണ്ടതും, ആവശ്യമെന്നുകണ്ടാൽ ഓഫീസ് പ്രവർത്തന സമയത്ത് അത് പരിശോധയ്ക്കായി നൽകേ്തുമാണ്.

സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, നിയമങ്ങളും, വ്യവസ്ഥകളും ഉപനിയമങ്ങൾ ഉണ്ടെങ്കിൽ ആയതും അംഗങ്ങൾക്ക് പരിശോധനയ്ക്കായി സംഘത്തിൽ സൂക്ഷിക്കേണ്ട താണ്. സംഘത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും, നയങ്ങളും കാലാനുസൃതമായി ഭേദഗതി ചെയ്യപ്പെടുന്ന നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ച് നിർവ്വഹണ സമിതി സംഘത്തിന്റെ ഭരണം നടത്തേണ്ടതാണ്. പ്രസിഡന്റ് / വൈസ് പ്രസിഡന്റ് ഉൾപ്പെടെ

കുറഞ്ഞത് നാല് നിർവ്വഹണ സമിതി അംഗങ്ങളെങ്കിലുമട ങ്ങുന്നതായിരിക്കണം നിർവ്വഹണ സമിതിയുടെ കോറം. ചുരുങ്ങിയത് മാസത്തിൽ ഒരു തവണ എങ്കിലും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ആവശ്യമുള്ള സന്ദർഭങ്ങളിൽ നിർവ്വഹണ സമിതിയോഗം ചേരേണ്ടതാണ്. നിർവ്വഹണ സമിതിയോഗത്തിൽ സാമ്പത്തിക സ്ഥാപനങ്ങൾ, നാളികേര സംസ്ക്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണ സംഘങ്ങൾ, ആ പ്രദേശത്തെ നാളികേര സഹകരണ വിപണന സംഘങ്ങൾ എന്നിവയുടെ പ്രതിനിധികളേയും മറ്റു വിദഗ്ദ്ധരേയും പ്രത്യേക ക്ഷണിതക്കളായി പങ്കെടുപ്പിക്കാവുന്നതാണ്.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും ഒരാളെ വൈസ് പ്രസിഡന്റായി നിർവഹണ സമിതി തെരെഞ്ഞെടുക്കണം. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റെയും മറ്റു നിർവ്വഹണ സമിതി അംഗങ്ങളുടേയും സേവനം വേതന രഹിതമായിരിക്കും.

ഓരോ നിർവ്വഹണ സമിതി അംഗത്തിനും ഓരോ വോട്ടു വീതമുണ്ടായിരിക്കും. വോട്ടുകൾ സമമായി വന്നാൽ പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ടു പ്രയോഗിക്കാം. സംഘത്തിനോട് ബാദ്ധ്യതകളൊന്നു മില്ലാത്ത ഒരു നിർവ്വഹണ സമിതി അംഗത്തിന് എപ്പോൾ വേണമെങ്കിലും തന്റെ സ്ഥാനം രാജി വയ്ക്കാം. എന്നാൽ നിർവ്വഹണ സമിതി രാജി സ്വീകരിക്കുന്ന തിയതി മുതൽ മാത്രമേ അത് പ്രാബല്യത്തിൽ വരികയുള്ളൂ. പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ ഒരു നിർവ്വഹണ സമിതിയംഗം തുടർച്ചയായി മൂന്ന് നിർവ്വഹണ സമിതിയോഗങ്ങളിൽ പങ്കെടുക്കാതിരുന്നാൽ അദ്ദേഹത്തിന്റെ നിർവ്വഹണ സമിതിയംഗത്വം നഷ്ടപ്പെടും. നിർവഹണ സമിതിയിലു ണ്ടാകുന്ന ഇടക്കാല ഒഴിവുകൾ പ്രസിഡന്റ്, സംഘാംഗങ്ങളിൽ നിന്നും കോ-ഓപ്റ്റ് ചെയ്ത് നികത്തേണ്ടതാണ്.

## 13. നിർവ്വഹണ സമിതിയുടെ അധികാരങ്ങളും ചുമതലകളും

1. നിർവ്വഹണ സമിതിയുടെ തീരുമാനത്തിനനുസൃതമായി സംഘം വക സ്വത്തുക്കൾ പ്രസിഡന്റ് കൈകാര്യം ചെയ്യുകയും സംഘത്തിന്റെ സ്വത്തുക്കൾ സൂക്ഷിക്കുകയും സംഘത്തിന്റെ പണം സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിനായി വിനിയോഗിക്കുകയും ചെയ്യുക. സംഘത്തിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഏതെങ്കിലും അധികാരങ്ങൾ നിർവ്വഹണ സമിതിക്ക് പ്രസിഡന്റിനെ ചുമതലപ്പെടുത്താവു ന്നതാണ്.



2. ആക്ടും റൂളുകളും അനുസരിച്ച് നൽകേണ്ടതായ സ്റ്റേറ്റുമെന്റു കൾ, റിട്ടേണുകൾ സംഘാംഗങ്ങളുടേയും നിർവ്വഹണ സമിതിയുടേയും ലിസ്റ്റ്, അതുപോലെയുള്ള മറ്റ് വിവരങ്ങൾ എന്നിവ രജിസ്ട്രാർക്കും, നാളികേര വികസന ബോർഡ് നിർദ്ദേശിക്കുന്ന രീതിയിലുള്ള സ്റ്റേറ്റുമെന്റുകൾ, റിട്ടേണുകൾ മുതലായവ ബോർഡിനും സമർപ്പിക്കുക.
3. ആദ്യത്തെ പൊതുയോഗം സംഘം രജിസ്റ്റർ ചെയ്ത് മൂന്ന് മാസത്തിനകവും തുടർന്ന് പ്രതിമാസ നിർവ്വഹണ സമിതി യോഗങ്ങളും. മൂന്നു മാസത്തിലൊരിക്കൽ നടത്തേണ്ട പൊതുയോഗങ്ങളും യഥാസമയം നടത്തുക.
4. ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും എല്ലാവർഷവും ഏപ്രിൽ 30 ന് മുൻപായി പൊതുയോഗത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കുക.
5. നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ച് സംഘത്തിൽ അംഗങ്ങളെ ചേർക്കുക.
6. സംഘാംങ്ങളായ കർഷകർക്കാവശ്യമായ ഉൽപാദനോപാധികൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് ഏർപ്പാടുചെയ്യുകയും അംഗങ്ങൾ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ കൂട്ടായ വിപണനത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
7. സംഘത്തിന്റെ വാർഷിക ബഡ്ജറ്റ് സൂക്ഷ്മ പരിശോധന നടത്തി സമിതിയുടെ ശുപാർശയോടുകൂടി പൊതുയോഗത്തിന്റെ അംഗീകാര ത്തിനായി സമർപ്പിക്കുക.
8. കർഷകർക്ക് പ്രയോജനപ്പെടുന്ന കാർഷിക വികസന ഉപദേശക പരിപാടികൾ സംഘടിപ്പിക്കുക.
9. മാസംതോറുമുള്ള വരവുചിലവ് കണക്കുകൾ പ്രതിമാസ നിർവഹണ സമിതിയോഗത്തിൽ പരിശോധിച്ച് അംഗീകാരം നൽകുക.
10. ഓരോ സാമ്പത്തിക വർഷവും അവസാനിച്ചു കഴിഞ്ഞാലുടൻ വാർഷിക കണക്കുകൾ താഴെപറയുന്നവിധം തയ്യാറാക്കി ഓഡിറ്റു ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. (a) വാർഷിക ധന വിനിമയ കണക്കുകൾ (b) വാർഷിക വരവുചിലവ് കണക്കുകൾ (c) മുതൽ കട ബാക്കി പത്രം (d) ആവശ്യമായ

മറ്റു കണക്കുകൾ

11. സംഘത്തിനുവേണ്ടി ആ പ്രദേശത്തുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ സംഘത്തിന്റെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ച് ബാങ്കിടപാടുകൾ നടത്തുന്നതിന് പ്രസിഡന്റ് / വൈസ് പ്രസിഡന്റ്, നിർവ്വഹണ സമിതിയംഗങ്ങൾ എന്നിവരിൽ നിന്നും രണ്ടുപേരെ അധികാരപ്പെടുത്തുക.

12. സംഘത്തിന്റെ ധന വിഭവങ്ങളുടെ ശരിയായ ഉപയോഗം ഉറപ്പു വരുത്തുക.

## പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും

1. എല്ലാ പൊതുയോഗങ്ങളിലും നിർവ്വഹണ സമിതി യോഗങ്ങളിലും പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കണം. വോട്ടുകൾ തുല്യമായി വരുന്ന അവസരങ്ങളിൽ അദ്ദേഹത്തിന്റെ കാസ്റ്റിംഗ് വോട്ട് ഉപയോഗിക്കണം.

2. അംഗീകൃത ബഡ്ജറ്റിലെ അടങ്കലിന് വിധേയമായി യാദൃച്ഛികമായി വരുന്ന ചെലവുകൾ അനുവദിക്കുന്നതിന് പ്രസിഡന്റിന് അധികാരമുണ്ടായിരിക്കും. ഈ വിധം ഉണ്ടാകുന്ന ചിലവുകൾ തുടർന്നു നടക്കുന്ന നിർവ്വഹണ സമിതിയോഗത്തിന്റെ അനുവാദത്തിനും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കേണ്ടതാണ്.

3. സംഘത്തിന്റെ നിർവ്വഹണ സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി സംഘത്തിന്റെ ഭരണവും പ്രവർത്തനത്തിന്റെ പൊതുവായ മേൽനോട്ടവും പ്രസിഡന്റിന്റെ ഉത്തരവാദത്തിലായിരിക്കും.

4. സംഘത്തിന്റെ നയപരമായ എല്ലാ കാര്യങ്ങളും പ്രസിഡന്റിന്റെ ശുപാർശയോടുകൂടി നിർവ്വഹണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കണം.

5. സംഘത്തിന്റെ സുഗമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് നാളികേര വികസന ബോർഡ്, സഹകരണ സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുമായി പ്രസിഡന്റ് നല്ല ബന്ധം പുലർത്തേണ്ടതാണ്.

7. ഭരണസമിതി തയ്യാറാക്കുന്ന നയപരമായ പരിപാടിയനുസരിച്ചു



ള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി നിർവ്വഹണ സമിതി ഏല്പിക്കുന്ന മറ്റ് അധികാരങ്ങളും പ്രസിഡന്റ് പ്രയോഗിക്കേണ്ടതാണ്.

8. സംഘത്തിന്റെ അപ്രതീക്ഷിത ചിലവുകൾക്കായി ആയിരം രൂപയിൽ കൂടാത്ത തുക പ്രസിഡന്റിന് കൈവശം വെയ്ക്കാവുന്നതാണ്.

9. സംഘത്തിന്റെ എല്ലാ വ്യവഹാരങ്ങളും പ്രസിഡന്റിന്റെ പേരിലായിരിക്കും.

## വൈസ് പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതകളും

പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിനുള്ള എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റിന് ഉണ്ടായിരിക്കുന്നതാണ്.

## കൂടുതൽ അധികാരം എല്പിക്കൽ

പ്രസിഡന്റിന് തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരച്ചുമതലകൾ നിർവ്വഹണ സമിതിയുടെ അംഗീകാരത്തോടുകൂടി മറ്റ് ഏതെങ്കിലും സമിതിയംഗത്തെ ഏല്പിച്ചുക്കൊടുക്കാവുന്നതാണ്.

## പലവക

1. സംഘത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ഭാവി വികസനത്തിനും വേണ്ടി ഒരു പ്രത്യേക വികസനഫണ്ട് രൂപീകരിക്കാവുന്നതും നാളികേര വികസന ബോർഡിന്റെ അംഗീകാരത്തോടുകൂടി ഈ ഫണ്ട് ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

2. സംഘാംഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുകയും സമയാസമയങ്ങളിൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

## അംഗത്വത്തിനായുള്ള അപേക്ഷാഫോറം

1. പേരും മേൽവിലാസവും ..........
2. പുരുഷൻ / സ്ത്രീ ..........
3. വിദ്യാഭ്യാസ യോഗ്യത ..........
4. വയസ്സ്, ജനന തീയതി ..........
5. തൊഴിൽ, പ്രധാന വരുമാന മാർഗ്ഗങ്ങൾ ..........
6. സ്ഥിര മേൽവിലാസം ..........
..........
7. കത്തിടപാടുകൾ ..........
നടത്താനുള്ള മേൽവിലാസം ..........
..........
8. ഫോൺ നമ്പറുകൾ ..........
9. ഇമെയിൽ അഡ്രസ് ..........
10. കൈവശ ഭൂമിയുടെ വിസ്തൃതി (സെന്റിൽ) ..........
11. സർവ്വേ നമ്പറുകൾ ..........
12. കൃഷി ഭൂമി ഉൾപ്പെട്ടിരിക്കുന്ന
തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് ..........
13. വാർഡിന്റെ പേര് ..........നമ്പർ ..........
14. സംഘത്തിന്റെ പ്രവർത്തന പരിധിയിൽ അപേക്ഷകനും കുടുംബാംഗങ്ങൾക്കുമായി ഉള്ള തെങ്ങുകൃഷിയുടെ വിവരങ്ങൾ.
    a. തെങ്ങുകൃഷിയുടെ വിസ്തീർണ്ണം (സെന്റിൽ) ..........
    b. തെങ്ങുകളുടെ എണ്ണം ..........
    c. കായ്ഫലം നിലച്ചവ (പ്രായാധിക്യത്താൽ) ..........
    d. കായ്ക്കാത്ത തൈ തെങ്ങുകൾ ..........
    e. ഒരു വർഷത്തിൽ ലഭിക്കുന്ന ശരാശരി നാളികേരം

### സത്യവാങ്മൂലം

ഈ അപേക്ഷയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ സത്യമാണെന്നും സമിതിയുടെ നിയമാവലിക്കനുസൃതമായി ഞാൻ പ്രവർത്തിച്ചു കൊള്ളാമെന്നു ഇതിനാൽ ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്



(അനുബന്ധം-2)

## നാളികേര ഉത്പാദക സംഘം നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷാഫോറം

1. സംഘത്തിന്റെ പേരും മേൽവിലാസവും ..........
..........
..........
2. ചാരിറ്റബിൾ സൊസൈറ്റി രജി. നമ്പർ & തീയതി ..........
3. ഭാരവാഹികളുടെ പേരും മേൽവിലാസവും
a) പ്രസിഡന്റ് ..........
..........
ഫോൺ ..........
b) വൈസ് പ്രസിഡന്റ് ..........
..........
ഫോൺ ..........
4. സംഘത്തിന്റെ പ്രവർത്തന പരിധി
വാർഡ് നമ്പർ ..........
പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ..........
5. സംഘം ഉൾപ്പെട്ടിരിക്കുന്ന കൃഷിഭവൻ ..........
6. സംഘത്തിന്റെ അംഗസംഖ്യ ..........
7. സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള
a) നാളികേര കൃഷിയുടെ വിസ്ത്രീർണ്ണം ..........ഏക്കർ / ഹെക്ടർ
b) തെങ്ങുകൾ (എണ്ണം) കായ്ക്കുന്നത്..........കായ്ക്കാത്തത് ..........
8. വർഷത്തിൽ ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ..........

### സത്യവാങ്ങ് മൂലം

ഈ അപേക്ഷയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും സത്യമാണെന്നും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന രേഖകളിൽ വസ്തുതാപരമായ തെറ്റുകൾ കടന്നുകൂടിയിട്ടില്ലെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളികേര വികസന ബോർഡ് നൽകുന്ന നിർദ്ദേശങ്ങൾ യഥാസമയം പാലിച്ചുകൊള്ളാമെന്നും ഇതിനാൽ ഞാൻ ഉറപ്പു നൽകുന്നു.

സ്ഥലം:

തീയതി: പ്രസിഡന്റ് (ഒപ്പ്)

(അനുബന്ധം-3)

## അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രമ. നമ്പർ | പേര്, മേൽവിലാസം | കൈവശഭൂമിയുടെ വിസ്തീർണ്ണം | നാളികേരം കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം (സെന്റിൽ)* | തെങ്ങുകളുടെ എണ്ണം* (സെന്റിൽ)* | കായ്ഫലമുള്ള തെങ്ങുകളുടെ എണ്ണം* | തെങ്ങുകളുടെ വാർഷിക ഉദ്പാദനം* |
|---|---|---|---|---|---|---|
| | | | | | | |

* അപേക്ഷകനും കൂടുംബാംഗങ്ങൾക്കും കൂടിയുള്ളത്